# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8042 16/07/2014-ൽ മറുപടിക്ക്

### ആദിവാസികൾക്കിടയിൽ മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യം

| ശ്രീ. ബാബു എം. പാലിശ്ശേരി : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | ഘോരവന മേഖലയിൽ അധിവസിക്കുന്ന പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട ആദിവാസികൾക്കിടയിൽ മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും പ്രകടമാകുന്നു എന്ന മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | ഉണ്ടെങ്കിൽ നിജസ്ഥിതി അറിയുന്നതിന് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ബി | ഘോരവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സങ്കേതങ്ങളിൽ കണ്ടെത്തിയിട്ടുള്ള മാവോയിസ്റ്റ് സാന്നിദ്ധ്യം സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ ആഭ്യന്തര വകുപ്പ് മുഖേന നടന്നു വരുന്നുണ്ട്. കൂടാതെ മാവോയിസ്റ്റ് സാന്നിദ്ധ്യവും ഭീഷണിയും ഫലപ്രദമായി നേരിടുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ 01.06.2013 ലെ സ.ഉ.(കൈ) നം. 139/2013/ആഭ്യന്തരം പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം പരിപൂർണ്ണമായും യഥാർത്ഥ ഗുണഭോക്താക്കൾക്കു യഥാസമയം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ ക്ഷേമ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ജില്ലകളിൽ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| സി | ഘോരവനമേഖലയിൽ വസിക്കുന്ന ആദിവാസി വിഭാഗങ്ങൾക്കിടയിൽ മാവോയിസ്റ്റ് തീവ്രവാദികളുടെ പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ വിപുലീകരിക്കുന്നതിനും വാഹന സൗകര്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | സി | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ